LIBRARY ARCHIVES Kerala Legislative Assembly

കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി

172 (4975) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ തരിയോട്, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, പടിഞ്ഞാറേത്തറ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടം എസ്. എൽ എസ്. കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ ?

ഉത്തരം

(എ) എൻ.ആർ.ഡി.ഡബ്ല്യു.പി. വിഭാഗത്തിൽപ്പെടുത്തി വയനാട് ജില്ലയിലെ തരിയോട്, പൊഴുതന, കോട്ടത്തറ, വെങ്ങപ്പള്ളി, പടിഞ്ഞാറേത്തറ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് എസ്.എൽ.എസ്.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതുപ്രകാരം 23-1-2014-ൽ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നിവയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. മറ്റ് ഘടകങ്ങളുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുള്ള നടപടികൾനടന്നുവരുന്നു.

(ബി) കേരള വാട്ടർ അതോറിറ്റി 23.01.2014 ലെ KWA/HO/WN-1/KKD-608/02 Vol.V ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

എടവനക്കാട് ശുദ്ധജല സംഭരണി

173 (4976) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയായിവരുന്ന എടവനക്കാട് ശുദ്ധജല സംഭരണി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ശുദ്ധജല സംഭരണിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ശുദ്ധജല സംഭരണി പ്രവർത്തനക്ഷമമാകുന്നതോടെ ഏതെല്ലാം പ്രദേശങ്ങളിലെ ജനവിഭാഗത്തിനാണ് ഉപയോഗപ്പെടുകയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് എടവനക്കാട് പഞ്ചായത്തിൽ അനിയിൽ മാർക്കറ്റിൽ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജല സംഭരണി 28-2-2015-ൽ പൂർത്തീകരിച്ച് ട്രയൽ റൺ നടത്തിയിട്ടുണ്ട്.

ജിഡ-ഫഷറീസ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന എടവനക്കാട് പഞ്ചായത്തിലെ ജലസംഭരണിയിൽ വെള്ളം ശേഖരിച്ച് എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകൾക്ക് മാത്രമായി പൂർണ്ണ തോതിൽ കുടിവെള്ളം ലഭിക്കുന്നതിലേക്കുള്ളതാണ് ഈ പദ്ധതി. എന്നാൽ ജിഡയുടെ സാമ്പത്തിക സഹായത്തോടെ എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചയത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിലൂടെ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന മൂന്ന് ശുദ്ധജല സംഭരണികൾകൂടി ചാർജ്ജ് ചെയ്താൽ മാത്രമേ എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തുകൾക്ക് മാത്രമായി പൂർത്തിയാക്കിയ ജലസംഭരണിയുടെ പൂർണ്ണതോതിലുള്ള പ്രയോജനം ലഭിക്കുകയുള്ളൂ.

(സി) എടവനക്കാട്, കുഴിപ്പിള്ളി പഞ്ചായത്തിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

കാസർഗോഡ് നഗരത്തിലെ ജല വിതരണം

174 (4977) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരത്തിൽ ജലവിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് എത്ര കൊല്ലത്തെ കാലപ്പഴക്കം ഉണ്ട് ;

(ബി) കാലപ്പഴക്കം ചെന്ന പൈപ്പുകൾ അടിക്കടി പൊട്ടുന്നതുകൊണ്ട് കുടിവെള്ളം പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പൈപ്പുകൾ കേടായി വെള്ളം പാഴായി പോകുന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് നന്നാക്കാൻ കാലതാമസംവരുന്ന സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ പരാതികൾ രജിസ്റ്റർ ചെയ്യാനും സത്വര പരിഹാര നടപടികൾ സ്വീകരിക്കാനും തലസ്ഥാന നഗരത്തിലേതുപോലെ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly